## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 269** — **28/05/2019-ൽ മറുപടിക്ക്**

## ദുരന്തസാധ്യതാപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ തടയാൻ നടപടി

**ചോദ്യം**

**ശ്രീ.തോമസ് ചാണ്ടി**

എ) പ്രളയാനന്തരം പകർച്ചവ്യാധികൾ പടരാതെ ദുരന്തനിവാരണത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിച്ചതിന്റെ പശ്ചാത്തലത്തിൽ, ദുരന്തസാധ്യതാപ്രദേശങ്ങളെ തിരിച്ചറിഞ്ഞ് പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) ഉണ്ട്.

2018-ൽ പ്രളയദുരന്തം ഉണ്ടായ പ്രദേശങ്ങളുടെ പട്ടിക 2019-ലെ ആരോഗ്യ ജാഗ്രത കർമ്മ പരിപാടിയുടെ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷത്തെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ അത്തരം പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. കൂടാതെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പങ്കാളിത്തവും ദുരന്തനിവാരണത്തിനുള്ള പരിശീലനവും മുൻകരുതലും നൽകുന്ന കാര്യവും ഈ വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

പ്രളയദുരന്തങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ജലജന്യ/കൊതുകുജന്യ/ ജന്തുജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യസന്ദർഭങ്ങളിൽ അത്തരം മാർഗ്ഗരേഖകൾക്കനുസരിച്ച് പ്രവർത്തിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ